# പതിമൂന്നാം കേരള നിയമസഭ
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6816** **02/11/2011-ൽ മറുപടിക്ക്**

**മദ്രസവിദ്യാഭ്യാസ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :<br>'' വി. എം. ഉമ്മർ മാസ്റ്റർ:<br>'' എൻ. ഷംസുദ്ദീൻ:<br>'' കെ. മുഹമ്മദുണ്ണി ഹാജി : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | മദ്രസ വിദ്യാഭ്യാസ നവീകരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) | ഇപ്പോൾ നിലവിലുള്ള പദ്ധതി സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് മദ്രസകളിലെ പഠനനിലവാരം ഉയർത്തിന്നതിനു വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ (എസ്.പി.ക്യൂ.ഇ.എം) എന്ന പദ്ധതിയാണ്. മദ്രസകളിലെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി അദ്ധ്യാപകർക്കുള്ള ശമ്പളം, ഗ്രന്ഥശാല സജ്ജീകരിക്കുന്നതിനുള്ള ധനസഹായം, സയൻസ്-ഗണിതം കിറ്റുകൾ വാങ്ങുന്നതിനുള്ള ധനസഹായം, കമ്പ്യൂട്ടർ സയൻസ് ലാബുകൾ സജ്ജമാക്കുന്നതിനുള്ള ധനസഹായം എന്നിവയാണ് ഈ പദ്ധതിയിലൂടെ വിവിധ മദ്രസകൾക്ക് നൽകുന്നത്. |
| ബി) | പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ചത്; എന്തൊക്കെ പ്രവർത്തനങ്ങൾ ഇതേവരെ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി)യും സി)യും | പദ്ധതി ആരംഭിച്ചത് 2010-11 വർഷം മുതലാണ്. 2010-11 വർഷത്തിൽ 547 മദ്രസകൾക്ക് 22,66,97,000/- രൂപ ഗ്രാന്റായി അംഗീകരിക്കുകയും, അതിൽ ഒന്നാം ഘട്ടമായി 14,90,09,000/- ഗ്രാന്റ് തുക ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക മദ്രസകൾക്ക് വിതരണം ചെയ്തുകഴിഞ്ഞു.<br>മദ്രസകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കുള്ള ശമ്പളം നൽകുക, ഗ്രന്ഥശാല സജ്ജീകരിക്കുന്നതിനുള്ള ധനസഹായം, സയൻസ്-ഗണിതം കിറ്റുകൾ വാങ്ങുക, കമ്പ്യൂട്ടർ സയൻസ് ലാബുകൾ സജ്ജമാക്കുക എന്നീ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. |
| സി) | കഴിഞ്ഞ വർഷം (2010-11) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവഴിച്ചു; എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്; | | |

(......2)

| | | | |
|---|---|---|---|
| ഡി) | നടപ്പുവർഷത്തേക്ക് എന്തൊക്കെ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; അവ നടപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്കാമോ? | ഡി) | 2011-12 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു കഴിഞ്ഞു. അർഹതയുള്ളതും, അംഗീകാരം ഉള്ളതുമായ എല്ലാ മദ്രസകളെയും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വരാനാണ് ഉദ്ദേശിക്കുന്നത്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാനും, മുഴുവൻ മദ്രസ്സകൾക്കും കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് തുക നേടിയെടുക്കുന്നതിനുമുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ